പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഒഴിവുള്ള തസ്തികകളിൽ സമയബന്ധിതമായി നിയമനം നടത്തുന്നതിനും, ജീവനക്കാർക്ക് അവരുടെ ജോലിയിൽ കൂടുതൽ വൈദഗ്ദ്ധ്യം നേടുന്നതിനുള്ള പരിശീലനം നൽകുക, ഗാർഡൻ പരിപാലനം, കാലാകാലങ്ങളിൽ ഗസ്റ്റ്ഹൗസുകളുടെ അറ്റകുറ്റ പണികൾ നടത്തുക, പ്രധാന ഗസ്റ്റുഹൗസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുകയും ഇക്കാര്യത്തിൽ ജീവനക്കാർക്ക് പരിശീലനം നൽകുക എന്നിവയും ചെയ്യുന്നുണ്ട്. വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥന്മാർ ഇടയ്ക്കിടയ്ക്ക് ഗസ്റ്റുഹൗസുകൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം നേരിട്ട് വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിഥി മന്ദിരങ്ങളിൽ അറ്റകുറ്റ പണികൾക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും ടൂറിസം വകുപ്പിൽ നിന്നും ചിലവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

വിൽക്കാൻ തീരുമാനിച്ച ഗസ്റ്റ് ഹൗസുകൾ

58 (1746) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗസ്റ്റ് ഹൗസുകൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കുവാൻ തീരുമാനിച്ചു ; അവ ഏതെല്ലാം ; വിൽക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഗസ്റ്റ് ഹൗസുകൾ സ്വകാര്യ വ്യക്തികൾക്കു വിൽക്കുവാൻ തീരുമാനിച്ചിട്ടില്ല.

നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആട്ടൻപാറയിൽ ടൂറിസം പ്രോജക്ട്

59 (1747) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ ആട്ടൻപാറയിൽ ടൂറിസം പ്രോജക്ടുകൾ ഏതെങ്കിലും നടപ്പിലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഇതു സംബന്ധിച്ച ഏതെങ്കിലും പ്രോജക്ടുകൾ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് നൽകിയത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി കൈകൊണ്ടു ;

(ഡി) ഏറ്റവും നല്ല വെള്ളച്ചാട്ടമുള്ള മനോഹരമായ ഈ പ്രദേശത്ത് ടൂറിസം പ്രോജക്ട് ഉടനെ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ ?

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly